**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 25** **10-06-2024 - ൽ മറുപടിയ്ക്ക്**

**നവകേരള സദസ്സുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നവകേരള സദസ്സുമായി ബന്ധപ്പെട്ട് മാവേലിക്കര നിയോജക മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്ര അപേക്ഷകൾ തീർപ്പാക്കി എന്നുമുള്ള വിവരം അറിയിക്കുമോ; | (എ) | 4156 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 2341 പരാതികൾ ഇതിനോടകം തീർപ്പാക്കിയിട്ടുണ്ട്.<br><br>അപേക്ഷകളിൽ പലതും പൊതുസ്വഭാവം ഉള്ളവയായതിനാൽ അത്തരം വിഷയങ്ങളിൽ പൊതുവായ തീരുമാനങ്ങൾ എടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു. നിലവിലെ ഉത്തരവുകളിലോ ചട്ടങ്ങളിലോ മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ കൂടി പരിശോധിച്ച് നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ട് പൊതുപ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. അതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് കൂടുതൽ സമയം ആവശ്യമാണ്. ഇതിനു പുറമെ ആവശ്യമായ രേഖകളോ മറ്റ് വിവരങ്ങളോ ഉൾപ്പെടുത്താതെ നൽകിയ അപേക്ഷകളിൽ അവ ലഭ്യമാക്കിയാൽ മാത്രമേ അന്തിമ തീരുമാനം എടുക്കാൻ കഴിയൂ.<br><br>തീർപ്പായതുൾപ്പെടെ നിവേദനങ്ങളുടെ നിലവിലെ സ്ഥിതി www.navakeralasadas.gov.in ലഭ്യമാണ്. |
| (ബി) | മാവേലിക്കര നിയോജക മണ്ഡലത്തിൽ നടന്ന പ്രഭാത യോഗത്തിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങളിൽ തീർപ്പുകല്പിക്കുന്നതിനു സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ബി) | പ്രഭാത യോഗങ്ങളിൽ ലഭിച്ച വിവിധ നിർദ്ദേശങ്ങളും ആശയങ്ങളും പ്രായോഗികമാക്കുന്നതിനുള്ള വിശദമായ പരിശോധനകൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ